**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 825** **24-02-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി കർമപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്‌തീൻ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ. പ്രേംകുമാർ** | | **null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അട്ടപ്പാടിയിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പ്രത്യേക കർമപദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന നിലവിലുള്ള പദ്ധതികൾക്ക് പുറമെ മാതൃ-ശിശു സൗഹാർദ്ദ പദ്ധതികളും ആവിഷ്കരിച്ച് വിവിധ വകുപ്പുകളുടെ സംയോജിത പദ്ധതികൾ നടപ്പാക്കിവരികയാണ്. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികളും പ്രത്യേകമായും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. അട്ടപ്പാടിയിലെ ആദിവാസികൾക്ക് മികച്ച വിദ്യാഭ്യാസം നൽകി സ്വയം പര്യാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്. |
| (ബി) | എങ്കിൽ കർമപദ്ധതിയുടെ ഭാഗമായി ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ,ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തൽ, ഹൈ റിസ്ക് കാറ്റഗറിയിലുള്ളവർക്ക് പ്രത്യേക പരിചരണം, കൃത്യമായ ഫണ്ട് വിനിയോഗം, പ്രത്യേകമായ ആരോഗ്യപദ്ധതികൾ എന്നിവ കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | പരിഗണനയിലുണ്ട്. |
| (സി) | പദ്ധതിയുടെ ഭാഗമായി മറ്റെന്തെല്ലാം കാര്യങ്ങളാണ് പരിഗണിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (സി) | ഗർഭിണികളുടെ സുരക്ഷയും, പരിചരണവും ഉറപ്പു വരുത്തുന്നതിനായി ഐ.റ്റി.ഡി.പി, കുടുംബശ്രീ, ഐ.സി.ഡി.എസ്, ആരോഗ്യ വകുപ്പ് എന്നീ വകുപ്പുകൾ സംയുക്തമായി ചേർന്ന് ഗർഭിണികളുടെ ലിസ്റ്റ് തയ്യാറാക്കി പ്രതിവാര മീറ്റിംഗിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുകയും ഹൈറിസ്കിൽ ഉൾപ്പെട്ടവരെ പ്രത്യേകം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ